## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3687. 25.06.2013 ൽ മറുപടിയ്ക്ക്.

**മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിൽ പുതിയ പരിഷ്കാരങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിൽ പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് ; | (ബി) | ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനുള്ള ടെസ്റ്റിന് ഹാജരാകുന്നതിന് മുന്നോടിയായി അപേക്ഷകൻ പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് ട്രെയിനിംഗിന് നിർബ്ബന്ധമായി ഹാജരാകേണ്ടതാണ്. പ്രസ്തുത ക്ലാസ്സിൽ ഹാജരായി എന്നുള്ളതിന്റെ തെളിവ് നൽകിയാൽ മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിന് വിധേയനാകുവാൻ പ്രസ്തുത വ്യക്തിയെ അനുവദിക്കാറുള്ളൂ. ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്നവരുടെ സാങ്കേതികമായ അറിവ് പരീക്ഷിക്കുകയും കൂടാതെ 'T' മാതൃകയിലുള്ള ടെസ്റ്റിംഗ് ട്രാക്കിൽ വാഹനം ഓടിച്ച് അവരുടെ പ്രാഗത്ഭ്യം പരീക്ഷിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിഷ്ക്കാരം 01/07/2013 മുതൽ നിലവിൽ വരുന്നതാണ്. |
| (സി) ഇവ സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) | പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് ട്രെയിനിംഗ് സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ചേവായൂരിലും കണ്ണൂർ ഇളയാവൂരിലും കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ട്രാക്ക് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.